# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2376 — 19.03.2015-ൽ മറുപടിക്ക്

## പേ വിഷബാധയ്ക്കെതിരെ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തെരുവുനായ്ക്കളുടെ ആക്രമണം മൂലം പേവിഷബാധ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കുറുക്കന്റെ ആക്രമണം മൂലവും പേവിഷബാധ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ആന്റി റാബിസ് സിറം ഗവൺമെന്റ് ആശുപത്രികളിൽ ലഭ്യമല്ലാത്തതുകൊണ്ട് പേ വിഷബാധയേറ്റവർ സ്വകാര്യ ആശുപത്രിയിൽ കൂടുതൽ പണം ചിലവാക്കേണ്ടതായ സാഹചര്യം പരിശോധിച്ചുവോ ; എങ്കിൽ സിറം ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) ആരോഗ്യവകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് അനുസരിച്ചുള്ള പേവിഷ പ്രതിരോധ വാക്സിനുകളാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം നടത്തുന്നത്. പേവിഷ പ്രതിരോധ കുത്തിവയ്പ്പിന് സാധാരണയായി ഉപയോഗിച്ചു വരുന്ന ആന്റി റാബീസ് വാക്സിൻ കോർപ്പറേഷന്റെ എല്ലാ ജില്ലാ മരുന്നു സംഭരണ ശാലകളിലും ആവശ്യത്തിന് ലഭ്യമാണ്. 2014-15 സാമ്പത്തിക വർഷത്തിനു മുൻപുവരെ വളരെ കുറവുമാത്രം ഉപയോഗിച്ചു കൊണ്ടിരുന്ന ഇക്വിൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ 300IU/ml എന്ന മരുന്നിന് കീഴ്ഘടക സ്ഥാപനങ്ങളിൽ നിന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഇൻഡന്റ് 26,910 വയലുകൾക്കായിരുന്നു. മുൻ വർഷത്തെ നീക്കിയിരുപ്പ് മരുന്ന് ഫലവത്തായി പ്രയോജനപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭാരത് സിറംസ് ആന്റ് വാക്സിൻസ് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും മരുന്ന് വിതരണത്തിനുള്ള വിതരണാനുമതി നൽകുകയും ചെയ്തു. മുൻകാലങ്ങളിൽ ക്ലാസ് 3 ബൈറ്റുകൾക്ക് (മൃഗങ്ങളുടെ ഗുരുതരമായ കടി) മാത്രമായി ഉപയോഗിച്ചു വന്നിരുന്ന മേൽ മരുന്ന് നൽകുന്നത് |

സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളിൽ വന്ന വ്യതിയാനത്തെ തുടർന്ന് 2014 ഒക്ടോബർ മുതൽ ഇക്വിൻ ആന്റിറാബീസ് ഇമ്മ്യൂണോ ഗ്ലോബുലിന്റെ ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവ് വരുകയും ഇന്ത്യയിലൊട്ടാകെ പ്രസ്തുത മരുന്നിന്റെ ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്തു. വാർഷിക ഇൻഡന്റിന് വിരുദ്ധമായി പ്രതിമാസ ഉപയോഗത്തിലുണ്ടായ ഗണ്യമായ വർദ്ധനവ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിക്കപ്പെട്ടിരുന്ന മരുന്നിന്റെ അളവിലും പ്രതിഫലിച്ചുവെന്നുമാത്രമല്ല ആറോളം ജില്ലകളിൽ ഇൻഡന്റിനേക്കാൾ കൂടുതൽ മരുന്നുകൾ അധികം വിതരണം ചെയ്യേണ്ട അവസ്ഥയുമുണ്ടായി.

മേൽ പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി പൊതുവിപണിയിൽ മുന്തിയ വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി കമ്പനി മാറ്റിവച്ചിരുന്ന 1200 വയൽ (vial) വാണിജ്യശേഖരം യുദ്ധകാലാടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനുവരി മാസത്തിൽ ലഭ്യമാക്കിയതിനു പുറമേ 2015 ജനുവരി മാസം തന്നെ (13.01.2015) 7200 വയൽ മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഭാരത് സിറംസ് ആന്റ് വാക്സിൻസ് എന്ന കമ്പനിയ്ക്ക് വിതരണ ഉത്തരവ് നൽകി. ഈ മാസത്തോടു കൂടി വിതരണം പൂർത്തിയാക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. കൂടാതെ ആസന്നമായി രൂപപ്പെട്ടിരിക്കുന്ന ഇക്വിൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിന്റെ കടുത്ത ക്ഷാമം മറികടക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന 2000 വയൽ കുത്തിവയ്പ്പ് മരുന്ന് യുദ്ധകാലാടിസ്ഥാനത്തിൽ വരുത്തി വിതരണം ചെയ്തു കഴിഞ്ഞു.

(ഡി) നടപ്പുവർഷം സർക്കാർ ആശുപത്രി വഴി എത്ര പേർക്ക് സൗജന്യമായി വാക്സിനും, എ.ആർ.എസും നൽകി എന്നും ; അടുത്ത വർഷത്തേക്ക് എത്ര പേർക്ക് ചികിത്സ നൽകുവാനുള്ള വാക്സിനും, എം.ആർ. എസും വാങ്ങുവാൻ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം സർക്കാർ ആശുപത്രികൾ വഴി എത്ര പേർക്ക് സൗജന്യമായി വാക്സിനും, എ.ആർ. എസും നൽകി എന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

അടുത്ത സാമ്പത്തിക വർഷ (2015-16) ത്തേയ്ക്ക് പേവിഷ ബാധയ്ക്കുപയോഗിക്കുന്ന മരുന്നുകൾ ടെണ്ടർ ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Name of drug | Intend for the year 2015-16 | Quantity tendered for 2015-16 |
|---|---|---|
| EQUINE ANTI RABIES IMMUNIGLOBULIN INJ 300 IU/ml, 5 ml vial | 50,582 | 50,582 |

(.....3)

| | | |
|---|---|---|
| RABIES VACCINE FOR HUMAN USE (CELL CULTURECHICK EMBRYO/VERO) WITH 1 ML DILUENT, 2 ML SYRINGE WITH NEEDLE 24G AND FILE FOR OPENING. (FOR INTRA DERMAL ROUTE OF ADMINISTRATION) 2.5 IU, 1ml | 4,37,025 | 4,37,025 |

| | |
|---|---|
| (ഇ) നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ എത്ര പേർക്ക നൽകുവാനുള്ള വാക്സിൻ, എ.ആർ.എസ് നിലവിലുണ്ട് ; ജില്ല തിരിച്ച വിശദാംശം വ്യക്തമാക്കുമോ ; | (ഇ) വിവരം ശേഖരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ